(ബി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് ജലസേചന വകുപ്പും ജലവിതരണ വകുപ്പും തമ്മിലുള്ള ധാരണ പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത നടപടിക്രമം പൂർത്തീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യത്തിനായി ഫ്രഞ്ച് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്ക് 1996 ഷെഡ്യൂൾ പ്രകാരം 243 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, പ്രോജക്ട് റിപ്പോർട്ടും പരിഗണനയിലാണ്. ഫ്രഞ്ച് സാമ്പത്തിക സഹായം കിട്ടുന്നമുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(സി) ഇരു വകുപ്പുകളുടേയും പദ്ധതിവിഹിതം സംബന്ധിച്ച് ഒരു ധാരണയിൽ എത്തിയിട്ടില്ല.

(ഡി) എത്രയും വേഗം പ്രസ്തുത നടപടിക്രമം പൂർത്തീകരിക്കുന്നതാണ്.

20 (1830) കല്ലറ പാങ്ങോട് പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട കല്ലറ-പാങ്ങോട് പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാൻ വേണ്ടി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഈ പദ്ധതിക്കാവശ്യമായ ഭൂതലജലസംഭരണിയുടെ പണികൾ നടന്നു വരുന്നു. ജലശുദ്ധീകരണശാലയുടേയും ഇൻടേൽവെല്ലിന്റേയും ദർഘാസുകൾ ക്ഷണിച്ചു. പദ്ധതിക്കാവശ്യമായ 20724 മീറ്റർ വിവിധ ഇനം പൈപ്പുകൾ വാങ്ങി. ബാക്കി പൈപ്പുകൾ 2000-2001 വർഷത്തിൽ വാങ്ങിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

21 (1831) പട്ടുവം ആന്റ് അഡ്ജോയിനിംഗ് വാട്ടർ സപ്ലൈ സ്കീം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പട്ടുവം ആന്റ് അഡ്ജോയിനിംഗ് വാട്ടർ സപ്ലൈ സ്കീമിന്റെ കൺസൾട്ടിംഗ് ഏജൻസിയായി ആരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി എപ്പോൾ തുടങ്ങുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പട്ടുവം ആന്റ് അഡ്ജോയിനിംഗ് വാട്ടർ സപ്ലൈ സ്കീം ഉൾപ്പെടെ 5 പദ്ധതികൾ കേരള വാട്ടർ സപ്ലൈ പ്രോജക്ടിന്റെ കൺസൾട്ടൻസിയുടെ നിയമനം നടന്നിട്ടില്ല. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

(ബി) പദ്ധതിക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ ഘട്ടംഘട്ടമായി നടന്നുവരുന്നു. 15.7277 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. 31 ബ്ലോക്കുകളിലായാണ് ഭൂമി ഏറ്റെടുത്ത് പണികൾ നടന്നുവരുന്നത്. ഇവയുടെ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പുറപ്പെടുവിച്ചു കഴിഞ്ഞു. 4398 ച.മീറ്റർ വിസ്തീർണ്ണമുള്ള രണ്ടു ബ്ലോക്കുകൾ (മൂന്നും നാലും) ഏറ്റെടുത്തിട്ടുണ്ട്. 4 ബ്ലോക്കുകൾ കൂടി ഏറ്റെടുക്കേണ്ട പണികൾ അവസാനഘട്ടത്തിലാണ്.

(സി) കൺസൾട്ടൻസിയുടെ നിയമനം നടന്നാൽ 2000-ാമാണ്ടോടെ പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

22 (1832) കിഴരിയൂർ പഞ്ചായത്തിലെ കുനിപ്രമല ശുദ്ധജലപദ്ധതി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കിഴരിയൂർ പഞ്ചായത്തിലെ കുനിപ്രമല ശുദ്ധജല പദ്ധതിയുടെ പ്രവൃത്തിയ്ക്ക് ടെണ്ടർ വിളിച്ചിരുന്നോ;

(ബി) ടെണ്ടർ അംഗീകരിച്ചിട്ടും പണി ആരംഭിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ)&(ബി) കുനിപ്രമല ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി കിണർ, പമ്പ്ഹൗസ്, ടാങ്ക് എന്നിവയുടെ നിർമ്മാണത്തിനുമുമ്പ് ടെണ്ടർ ചെയ്തിരുന്നെങ്കിലും കരാറുകാർ ക്വാട്ട് ചെയ്ത വൻറേറ്റ് കുറയ്ക്കാത്തതുകാരണം ടെണ്ടർ ക്യാൻസൽ ചെയ്തിരുന്നു. തുടർന്ന് പുതിയ ഷെഡ്യൂൾ റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി കിണർ, പമ്പ്ഹൗസ് എന്നിവയുടെ പണി ടെണ്ടർ ചെയ്തു. ടെണ്ടർ അംഗീകരിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) 12/2000 ത്തോടുകൂടി പണികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly